പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2956 21.06.2013 ൽ മറുപടിയ്ക്ക്

## അഹാഡ്സിന്റെ തുടർ പ്രവർത്തനം

**ചോദ്യം**

**ശ്രീ. എ.കെ. ബാലൻ**

**ഉത്തരം**

**കെ.സി. ജോസഫ്**
**(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)**

എ) അഹാഡ്സിന്റെ തുടർപ്രവർത്തനം സംബന്ധിച്ച് 12.1.2012 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

എ) അഹാഡ്സിന്റെ തുടർപ്രവർത്തനം സംബന്ധിച്ച് 12.01.2012 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങളെടുത്തിരുന്നു.

- പ്രാക്തന ഗോത്രവർഗ്ഗ വികസന പദ്ധതിയുടെ പാലക്കാട് ജില്ലയിലെ നിർവ്വഹണ ഏജൻസിയായി അഹാഡ്സിനെ തീരുമാനിച്ചു. ആയതിന്റെ നിർദ്ദേശം അടുത്ത മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കുന്നതിന് ബഹു. പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പ് മന്ത്രിയോട് നിർദ്ദേശിച്ചു.
- 159.34 കോടി രൂപയുടെ അട്ടപ്പാടി കാർഷിക വികസന പദ്ധതി അഹാഡ്സ് മുഖേന നടപ്പാക്കുന്നതിന് തീരുമാനിച്ചു.
- വയനാട്ടിലെ 1042.5 കോടി രൂപയുടെ ആദിവാസി വികസന പദ്ധതി അഹാഡ്സ് മുഖേന നടപ്പാക്കുവാനും പ്രാരംഭപ്രവർത്തന

ങ്ങൾക്കായി 10 കോടി രൂപ അടുത്ത സാമ്പത്തികവർഷം അനുവദിക്കുന്നതിനും തീരുമാനിച്ചു.

- അഹാഡ്സിനെ നീർത്തടാധിഷ്ഠിത വിഭവ പരിപാലന പരിശീലന കേന്ദ്രമായി (അഹാഡ്സ് CCPRM) മാറ്റുന്നതിന് തീരുമാനിച്ചു.
- 01.01.2012 മുതൽ 31.03.2012 വരെ അഹാഡ്സിലെ ജീവനക്കാരെ അഹാഡ്സിൽ ഇപ്പോൾ ലഭ്യമായ ഫണ്ടിന് ആനുപാതികമായ ശമ്പളത്തോടെ നിലനിർത്തുവാനും തുടർന്ന് മേൽപ്പറഞ്ഞ പദ്ധതികളിലായി പുനർവിന്യാസം ചെയ്യുന്നതിനും തീരുമാനിച്ചു. കൂടാതെ അഹാഡ്സിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന പ്രോജക്ട് ഡയറക്ടർ ഒഴികെയുള്ള ഉദ്യോഗസ്ഥരെ ഉടൻ മാതൃ വകുപ്പിലേയ്ക്ക് തിരിച്ചയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രോജക്ട് ഡയറക്ടറെ ചുമലപ്പെടുത്തി. എന്നാൽ അസിസ്റ്റന്റ് ഡയറക്ടർ (വിമൻസ് ഡെവലപ്മെന്റ്) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. പി.ഇ. ഉഷയെ തൽസ്ഥാനത്ത് താൽക്കാലികമായി തുടരാൻ അനുവദിക്കാനും തീരുമാനിച്ചു.

ബി) ഈ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ, ഏതെല്ലാം; ഇതിൽ ഏതെല്ലാം നടപ്പാക്കി, ഇല്ലെങ്കിൽ, എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

ബി) ഈ തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. പ്രാക്തന ഗോത്ര വർഗ്ഗ വികസന പദ്ധതി ST വകുപ്പിന്റെ PVTG പ്രത്യേക സെൽ വഴി അട്ടപ്പാടിയിൽ നടപ്പിലാക്കി വരുന്നുണ്ട്. അട്ടപ്പാടി കാർഷിക വികസന പദ്ധതി കൃഷി വകുപ്പ് വഴി അനുവദിച്ചിട്ടുണ്ട്. വയനാട്ടിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അഹാഡ്സ്

മോഡൽ പദ്ധതി ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണുള്ളത്. അഹാഡ്സിനെ സമഗ്ര പങ്കാളിത്ത വിഭവ പരിപാലന പരിശീലന കേന്ദ്രം (AHADS - CCPRM) ആക്കി മാറ്റാൻ തത്വത്തിൽ അംഗീകാരം നൽകുകയും ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കൂടാതെ അഹാഡ്സിൽ ജോലി ചെയ്തിരുന്ന 91 ആദിവാസി ജീവനക്കാരെ വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ മാരായി നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിൽ 81 ആദിവാസി ജീവനക്കാരെ (യോഗ്യതയുടെ അടിസ്ഥാനത്തിൽ) വനം വകുപ്പിലേയ്ക്ക് പുനർവിന്യസിച്ചിട്ടുണ്ട്.

| | |
|---|---|
| സി) അഹാഡ്സിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചിട്ടുണ്ടോ; ജീവനക്കാരുടെ ശമ്പള കുടിശ്ശിക നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ? | സി) അഹാഡ്സിന്റെ പദ്ധതി പ്രവർത്തനങ്ങൾ 31.03.2012 ന് അവസാനിപ്പിച്ചതായും തുടർപ്രവർത്തനം സർക്കാരിന്റെ പരിഗണനയിലാണെന്നും 31.03.2012 ന് ശേഷം ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ മറ്റ് സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കരുതെന്നും 31.03.2012 ലെ 21159/ ഐബി1/12/തസ്വഭവ നമ്പർ കത്ത് പ്രകാരം അഹാഡ്സ് പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. അഹാഡ്സിന്റെ പദ്ധതി പ്രവർത്തനങ്ങൾ അവസാനിപ്പിച്ചതായി സർക്കാർ നിർദ്ദേശം നൽകിയ തീയതി വരെ യുള്ള (31.03.2012) ജീവനക്കാരുടെ മുഴുവൻ ശമ്പള കുടിശ്ശികയും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ